**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 273</u>** **<u>01-02-2023 - ൽ മറുപടിയ്ക്ക്</u>**

**<u>മഞ്ചേരി നഴ്സിംഗ് കോളേജ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരിയിൽ പുതുതായി ആരംഭിച്ച സർക്കാർ നഴ്സിംഗ് കോളേജിന് ഇതുവരെ ഹെഡ് ഓഫ് അക്കൗണ്ട് ലഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഈ വിഷയം ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | എങ്കിൽ ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; | (ബി) | ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഈ വിഷയം ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | മഞ്ചേരി നഴ്സിംഗ് കോളേജിന് ആവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | ക്ലാസ്സുകൾ ആരംഭിക്കുന്നതിനാവശ്യമായ സൗകര്യങ്ങളേർപ്പെടുത്തി മഞ്ചേരി നഴ്സിംഗ് കോളേജിൽ അധ്യയനം ആരംഭിച്ചിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലവും, ഫണ്ടും ലഭ്യമായതിനുശേഷം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | നഴ്സിംഗ് കോളേജിന്റെ സുഗമമായ പ്രവർത്തനത്തിന് സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | പ്രിൻസിപ്പൽ, പ്രൊഫസർ തസ്തികകളിൽ സ്ഥിര നിയമനം നടത്തി ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന മുറയ്ക്ക് പി.എസ്.സി. വഴി സ്ഥിര നിയമനം നടത്തുന്നതാണ്. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ ഒഴിവ് നികത്തിയിട്ടുണ്ട്. മിനിസ്റ്റീരിയൽ തസ്തികകളിലുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ